**സന്ദേശം**

TO : **എല്ലാ ഓഫീസർമാർക്കും, മിനിസ്റ്റീരിയൽ സ്റ്റാഫിനും**

INFO : AA , Manager , AO , സെക്രട്ടറി കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ , കേരള പോലീസ് അസോസിയേഷൻ , പോലീസ് വെബ്സൈറ്റ് , CA to DPC ,നോട്ടീസ് ബോർഡ്

FROM : **ജില്ല പോലീസ് മേധാവി**
തൃശ്ശൂർ

**No. F2(a)-62593/2021/R Dt 26-11-2021**

MEDISEP പദ്ധതിയുമായി ബന്ധപ്പെട്ട ആദ്യ ഘട്ടം ലഭ്യമാക്കിയ വിവരങ്ങളുടെ പരിശോധന - രണ്ടാം ഘട്ട വിവര ശേഖരണം എന്നിവ നടത്തുവാൻ പരിപത്രം നം.110/2021/ധന തി. 22/11/2021 സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.ആയതിൻറെ അടിസ്ഥാനത്തിൽ, മെഡിസെപ് ID ലഭ്യമായിട്ടുള്ളവർ www.medisep.kerala.gov.in എന്ന വെബ് സൈറ്റിലെ 'Status' എന്ന ഓപ്ഷനിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ category - employee, PEN, ജനനതിയ്യതി, വകുപ്പ്-പോലീസ് എന്നിവ നൽകി search എന്ന option ൽ ക്ലിക്ക് ചെയ്ത് അവരവരുടെ ആശ്രിതർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ പരിശോധിക്കേണ്ടതാണ്. വിവരങ്ങൾ പൂർണ്ണമായും ലഭ്യമല്ലെങ്കിലോ, പേരുകളിൽ തെറ്റുണ്ടെങ്കിലോ , പേരുകൾ വിട്ടു പോയിട്ടുണ്ടെങ്കിലോ , മറ്റു തിരുത്തലുകൾ ഉണ്ടെങ്കിലോ (ഉദാഹരണമായി ജനനം, മരണം, വിവാഹം,25 വയസ്സിനു മുകളിൽ പ്രായമായ കുട്ടികളെ ഒഴിവാക്കുക മുതലായവ) ആയത് തെളിയിക്കുന്നതിനുള്ള രേഖകളും അപേക്ഷയും സഹിതം അനുബന്ധം 1 ൽ പൂരിപ്പിച്ച് 30/11/2021 തിയ്യതിക്കു മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ് .തിരുത്തലുകൾ ഇല്ലാത്ത ഉദ്യോഗസ്ഥർ" MEDISEP Status പരിശോധിച്ചതിൽ തിരുത്തലുകൾ ഇല്ല" എന്ന കാര്യം പ്രത്യേകം എഴുതി സമർപ്പിക്കേണ്ടതാണ്.അപേക്ഷ നേരത്തെ സമർപ്പിക്കാത്ത ഉദ്ധ്യോഗസ്ഥർ എത്രയും പെട്ടെന്ന് (30/ 11 /21) മുമ്പ് അപേക്ഷകൾ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങളടങ്ങിയ പരിപത്രം നം.110/2021/ധന തി. 22/11/2021 വിശദ വിവരങ്ങൾക്കായി ഇതോടൊപ്പം അയക്കുന്നു. updation work സമയബന്ധിതമായി തീർപ്പാക്കേണ്ടതിനാൽ എല്ലാ SHO/controlling officer മാരും അവരവരുടെ കീഴിലുള്ള ഉദ്യോഗസ്ഥരെ ടി വിവരം അറിയിക്കേണ്ടതും മേൽ സൂചിപ്പിച്ച പരിപത്രത്തിൻറെ പകർപ്പ് നോട്ടീസ് ബോർഡിൽ നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം MEDISEP പദ്ധതിയിൽ അംഗമാവാതെ /ആശ്രിതരെ ചേർക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥനു ഇൻഷുറൻസ് പരിരക്ഷ ലഭിച്ചില്ല എങ്കിൽ ആയതിൻറെ പൂർണ്ണ ഉത്തരവാദിത്വം അതാത് SHO /controlling officer മാരിൽ നിക്ഷിപ്തമാ യിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു .സമയ പരിധി കൃത്യമായും പാലിക്കേണ്ടതാണ്.

**പൂങ്കുഴലി ജി ഐ പി എസ്**
**ജില്ലാ പോലീസ് മേധാവി**